# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1453 — 15.02.2016-ൽ മറുപടിയ്ക്ക്

## മലയാളത്തിന് ശ്രേഷ്ഠ ഭാഷാ പദവി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. വി. എ. മാധവൻ:<br>ശ്രീ. ടി. എൻ. പ്രതാപൻ:<br>ശ്രീ. ഷാഫി പറമ്പിൽ: | ശ്രീ.കെ.സി.ജോസഫ്<br>ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികവും നോർക്കയും വകുപ്പ മന്ത്രി |
| എ) മലയാളത്തിന് ശ്രേഷ്ഠ ഭാഷാ പദവി നേടിയെടുത്തതിന്റെ അനുബന്ധമായി കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;<br><br>ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;<br><br>സി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | എ) ബി) & സി) ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ചതിന്റെ പേരിൽ കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് നേരിട്ട് ധനസഹായം ലഭിക്കുകയില്ല. എന്നാൽ സാംസ്കാരിക സ്ഥാപനങ്ങളും അക്കാദമികളും ഇതുമായി ബന്ധപ്പെട്ട് വിവിധ പരിപാടികൾ നടത്തിവരുന്നുണ്ട്. മലയാള ഗവേഷണ സ്ഥാപനം തുടങ്ങുക, ഗവേഷണ പ്രബന്ധങ്ങൾക്ക് ഫെലോഷിപ്പ് നൽകുക. കേന്ദ്ര സർവ്വകലാശാല കളിൽ മലയാളത്തിനായി ചെയർ ആരംഭിക്കുക എന്നീ കാര്യങ്ങളാണ് ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ചതു കൊണ്ടുള്ള ഭൗതിക നേട്ടങ്ങൾ ഇക്കാര്യങ്ങൾ കാസർഗോഡുള്ള കേന്ദ്ര സർവ്വകലാശാലയാണ് നിർവഹിക്കുന്നത്. ഇതി നുള്ള സാമ്പത്തിക സഹായം കേന്ദ്ര സർക്കാർ ഈ സർവ്വകലാശാലയ്ക്കാണ് നൽകുക.<br><br>മലയാള ഭാഷയിൽ 100 ക്ലാസ്സിക് ഗ്രന്ഥങ്ങൾ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീ കരിക്കുന്നു. ഡി.ടി.വി. - മലയാള ഭാഷയെ സജ്ജ മാക്കാനുള്ള ലാംഗ്വേജ് കംപ്യൂട്ടിങ് നടത്തുക, മൺമറഞ്ഞ ക്ലാസ്സിക് ഗ്രന്ഥങ്ങളെ പുന:പ്രസിദ്ധീ കരിക്കുക, മലയാളികളെ ഭാഷയുടെ പൈതൃകവും സംസ്കാരവും ബോധ്യപ്പെടുത്തുക എന്നിവയാണ് ഈ പദ്ധതി വഴി ലക്ഷ്യമാക്കുന്നത്.<br><br>ഇന്ത്യയിലും വിദേശത്തും കൂടുതൽ സ്ഥല ങ്ങളിലേക്ക് മലയാളം മിഷന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ച് ഭാഷാ വ്യാപനം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്.<br><br>മലയാള ഭാഷാ വ്യാപനവും പരിപോഷണവും സംബന്ധിച്ച ബിൽ നിയമസഭ പാസ്സാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ